(സി) കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ സിറ്റികളിൽ (ക്രൈം/പെറ്റീ കേസ്) എന്നിവ ഉൾപ്പെടെ 1934 കേസുകൾ രജിസ്റ്റർ ചെയ്യുകയും ഈ വകയിൽ 4,46,200 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. 4 പരാതികൾ ലഭിക്കുകയും അവയിൻമേൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മണ്ണാർക്കാട് പുതൂരിൽ ഒരു പോലീസ് സ്റ്റേഷൻ

32 [2517] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽപ്പെട്ട അട്ടപ്പാടിയിലെ പുതൂരിൽ പോലീസ് സ്റ്റേഷൻ അനുവദിയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി എപ്പോൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയത്തിൽ ഡി.ജി.പി.-യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടി

33 [2518] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി മരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി കൈമാറിക്കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly